"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

**<u>(നിലവിൽ: ജാസ്മിൻ ബി ,കെ എ എസ്)</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം– എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയുടെ 2023 വർഷത്തെ പൊതു സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1) 13.06.2023 ലെ DT/488/2022-A2 നമ്പർ വിജ്ഞാപനം .
2) 30.06.2023 തീയതിയിലെ DT/3168/2023-A9 നമ്പരായ കരട് പട്ടിക.
3) 05.12.2022 തീയതിയിലെ DT/4036/2022-A9 നമ്പർ ഉത്തരവ് .
4) 23.01.2023 തീയതിയിലെ DT/3338/2022-A9 നമ്പർ ഉത്തരവ്
5) 25.03.2023 തീയതിയിലെ DT/1440/2023-A9 നമ്പർ ഉത്തരവ്
6) 19.06.2023 തീയതിയിലെ DT/3338/2022-A9 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ: DT/3168/2023-A9 തീയതി: 31-07-2023</u>**

പരാമർശം 1 പ്രകാരം വ്യവസായിക പരിശീലന വകുപ്പിലെ വിവിധ കേഡറുകളിലെ ജീവനക്കാരുടെ ഓൺലൈൻ പൊതു സ്ഥലം മാറ്റം -2023 ന്റെ വിജ്ഞാപനം (സ്പാർക്ക് മുഖേന) പുറപ്പെടുവിച്ചിരുന്നു.

ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തില് വകുപ്പിലെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് പരാമർശം 2 പ്രകാരം പൊതു സ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു...

ടി കരട് ലിസ്റ്റിന്മേൽ ചുവടെ പറയുന്ന അപ്പീലുകൾ ലഭിച്ചിട്ടുണ്ട് . ഇപ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾ പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, ചുവടെ പറയും പ്രകാരം പരിഹരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്/സ്ഥാപനം | ആക്ഷേപം | അപ്പീലിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | അജിത്കുമാർ.വി<br>ഐ.ടി.ഐ (വ) മെഴുവേലി | പത്തനംതിട്ട ജില്ലയിലെ സ്ഥാപനത്തിൽ നിലനിർത്തുക, ഐ.ടി.ഐ. ചങ്ങനാശ്ശേരി, ഐ.ടി.ഐ.തേവലക്കര എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റത്തിനു പരിഗണിക്കുക. | അപ്പീൽ പരിഗണിക്കുന്നു. ഐ.ടി.ഐ.തേവലക്കരയിലെ തുറന്ന ഒഴിവിലേയ്ക്ക് സ്ഥലം മാറ്റുന്നു. |
| 2. | സന്ധ്യ വിജയൻ<br>ഐ.ടി.ഐ.മരട് | ഇടുക്കി ജില്ലയിലെ സ്ഥാപനങ്ങളിൽ ക്രമീകരിക്കുക | ഇടുക്കി ജില്ലയിലെ സ്ഥാപനങ്ങളിൽ ഒഴിവുകൾ നിലവിലില്ല . ഹോം സ്റ്റേഷനടുത്തുള്ള ആരക്കുഴ ഐ.ടി.ഐ യിലെ ഒഴിവിൽ പരിഗണിക്കുന്നു. |
| 3. | സന്തോഷ്.കെ<br>ഐ.ടി.ഐ.തിരുവമ്പാടി | പന്ന്യന്നൂർ ഐ.ടി.ഐ ലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുക | തുറന്ന ഒഴിവ്. അപേക്ഷ പരിഗണിക്കുന്നു. |

| | | | |
|---|---|---|---|
| 4. | ബിജേഷ്.പി<br>ഐ.ടി.ഐ.പിണറായി | പുറം ജില്ലാ സേവനം പരിഗണിച്ച് സ്ഥലം മാറ്റം അനുവദിക്കുക | അപ്പീൽ പരിഗണിക്കുന്നു. തസ്തികയിൽ ജൂനിയറും, പുറം ജില്ലാ സേവനം കുറഞ്ഞതുമായ ബെയ്പൂർ ഐ.ടി.ഐ യിലെ (ഓപ്ഷൻ 2) ജീവനക്കാരനെ സ്ഥലം മാറ്റുന്നു. കോഴിക്കോട് (വ) ഐ.ടി.ഐ (ഓപ്ഷൻ 1) യിലെ ജീവനക്കാരന്റെ പുറം ജില്ലാ സേവനം പരിഗണിച്ച് ടി സ്ഥാപനത്തിൽ നിലനിർത്തുന്നു. |
| 5. | സതീഷ് കുമാർ.വി<br>ഐ.ടി.ഐ.കണ്ണൂർ | ദേശമംഗലം ഐ.ടി.ഐ ലേയ്ക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുക. | അപ്പീൽ പരിഗണിക്കുന്നു. |

മേല്പറയും പ്രകാരം അപ്പീൽ തീർപ്പാക്കി 2023 വർഷത്തെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയുടെ പൊതു സ്ഥലം മാറ്റം നടപ്പാക്കി ഉത്തരവാകുന്നു.

| SL. No. | PEN | Name | Office Transfered from | Office Transfered to | Remarks |
|---|---|---|---|---|---|
| 1 | 367879 | Raghu T | Govt ITI Cheriyamundam | Govt ITI Thiruvambady | |
| 2 | 408194 | Shaji P K | Govt ITI Mala | Govt ITI Eriyadu | |
| 3 | 370547 | Linoj N J | Govt ITI Desamangalam | Govt ITI Mala | |
| 4 | 418001 | Rajesh M | Govt ITI Valayam | Govt ITI Maniyoor | |
| 5 | 418702 | Bijesh P | Govt ITI Pinarayi | Govt ITI Beypore | |
| 6 | 419099 | Vijayaraj K T | Govt ITI Maniyoor | Govt ITI Koyilandy | |
| 7 | 424822 | Akhilesh T V | Govt ITI Koyilandy | Govt ITI Valayam | |
| 8 | 439610 | Satheeshkumar V | Govt ITI Kannur | Govt ITI Deshamangalam | |
| 9 | 445449 | Salini P P | Govt ITI Vayalar | Govt ITI (w) Mezhuveli | |
| 10 | 370110 | Ajithkumar V | Govt ITI (w) Mezhuveli | Govt ITI Thevalakkara | |
| 11 | 369804 | Reghunadahan P | Govt ITI Beypore | Govt ITI Cheriyamundam | തസ്തികയിൽ സീനിയറും, പുറം ജില്ലാ സേവനം കൂടിയാതുമായ ക്രമ നം.5 ന്റെ അപേക്ഷ പരിഗണിക്കേണ്ടതിനാൽ, ജില്ലയിൽ ജൂനിയറും, പുറം ജില്ലാ സേവനം കുറഞ്ഞതുമായ ജീവനക്കാരനെ സ്ഥലം മാറ്റുന്നു. |
| **01.09.2022-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ പുന:ക്രമീകരണം** | | | | | |
| 12 | 445034 | Aby Jose | Govt ITI Rajakkad | Govt ITI Rajakkad | |
| 13 | 484155 | Kimmy R | Govt ITI Kurumathoor | Govt ITI Vayalar | |

| | | | | | |
|---|---|---|---|---|---|
| 14 | 480340 | Sunil T S | Govt ITI (w) Nenmeni | Govt ITI (w) Nenmeni | പുനക്രമീകരണം ഓപ്ഷൻ പ്രകാരമുള്ള/ നിർബന്ധിത സ്ഥലം മാറ്റങ്ങളായി പരിഗണിക്കുന്നതല്ല. |
| 15 | 161327 | Sandhya Vijayan | Govt ITI Maradu | Govt ITI Arakkuzha | |
| 16 | 446263 | Vinod K R | Govt ITI Attappady | Govt ITI Attappady | |
| 17 | 482792 | Santhosh K | Govt ITI Thiruvambady | Govt ITI Pannyannor | |

മേൽ പ്രകാരം സ്ഥലം മാറ്റം അനുവദിച്ചതിനു ശേഷവും, യു.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം മുഖേനെയും ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

1. Govt ITI Aryanad
2. Govt ITI (w) Kazhakkuttom
3. Govt ITI Pinarayi
4. Govt ITI Kurumathoor
5. Govt ITI Kannur
6. Govt ITI Maradu
7. Govt ITI Attigal
8. Govt ITI Maneed

ടി ഒഴിവുകളിൽ പരാമർശം (3) പ്രകാരമുള്ള സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർഹരായ 7 ജീവനക്കാർക്ക് KS &SSR പൊതു ചട്ടം 28(b)(ii) പ്രകാരം 26500-60700 രൂപ ശമ്പള നിരക്കിൽ എൽ.ഡി.സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിക്കുന്നു.

| ക്രമ നം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | പേര്/തസ്തിക/സ്ഥാപനം | സ്ഥാനകയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 271 | രാകേഷ്.എസ്.വി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.ചാക്ക | ഐ.ടി.ഐ.ആറ്റിങ്ങൽ | എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം റിലിൻകിഷ് ചെയ്യുകയും, പരാമർശം (6) പ്രകാരം റിലിൻകിഷ്മെന്റ് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. |
| 2. | 273 | രജീഷ്.സി.എസ്<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.ഏറ്റുമാനൂർ | ഐ.ടി.ഐ.മരട് | KS&SSR ഭാഗം II ചട്ടം 8 പ്രകാരം സ്റ്റോർ അറ്റൻഡർ തസ്തികയിൽ പുനർനിയമനം .നൽകിയ ജീവനക്കാരൻ |
| 3. | 282 | സൗമ്യ.വി.എസ്<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.ചാക്ക | ഐ.ടി.ഐ (വ) കഴക്കൂട്ടം | |
| 4. | 283 | അജി വർഗീസ്.സി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.മാള | ഐ.ടി.ഐ.മണീട് | |
| 5. | 284 | ദേവദാസ്<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.കാസർഗോഡ് | ഐ.ടി.ഐ.കുറുമാത്തൂർ | |
| | | ബഷീർ.പി | | |

| | | | | |
|---|---|---|---|---|
| 6. | 285 | സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.മാള | ഐ.ടി.ഐ.പിണറായി | |
| 7. | 286 | സുരേഷ്.പി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.കോഴിക്കോട് | ഐ.ടി.ഐ.കണ്ണൂർ | |

എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം റിലിൻക്വിഷ് ചെയ്യുകയും, ആയത് പിൻവലിച്ച് സ്ഥാനകയറ്റം അനുവദിക്കുകയും ചെയ്തിട്ടുള്ള ക്രമ നം.1 രാകേഷ്.എസ്.വി യ്ക്ക് എൽ.ഡി സ്റ്റോർ കീപ്പര് തസ്തികയിൽ , ഈ ഉത്തരവ് തീയതി മുതലുള്ള സീനിയോരിറ്റിയ്ക്ക് മാത്രമെ അര്ഹതയുള്ളൂ.

KS&SSR ഭാഗം II ചട്ടം 8 പ്രകാരം സ്റ്റോർ അറ്റന്ഡർ തസ്തികയില് പുനര്നിയമനം നൽകിയ ക്രമ നം.2.ശ്രീ.രജീഷ്.സി.എസ്, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ.ഏറ്റുമാനൂർ നു ടിയാന്റെ ജൂനിയറിന് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച തീയതിയിൽ നോഷണൽ പ്രൊമോഷന് അർഹതയുണ്ട്. മേൽ സാഹചര്യത്തിൽ, ടിയാന്റെ ജൂനിയറും സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റില് ക്രമ നം.274 ഉം ആയ ശ്രീമതി.അബി ജോസ് നു പരാമർശം(4) പ്രകാരം എൽഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച 23.01.2023 തീയതി പ്രാബല്യത്തിൽ, ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുകയില്ല എന്ന വ്യവസ്ഥയിൽ, ശ്രീ.രജീഷ്.സി.എസ് നു എൽ.ഡി സ്റ്റോർ കീപ്പര് തസ്തികയില് നോഷണൽ പ്രൊമോഷന് അനുവദിക്കുന്നു.

ഈ വകുപ്പിലെ എല്ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ഒരു ഒഴിവിൽ, KS&SSR ഭാഗം II ചട്ടം 8 പ്രകാരം ഒരു ജീവനക്കാരനു പുനർനിയമനം അനുവദിക്കേണ്ടതിനാൽ ഐ.ടി.ഐ ആര്യനാട് ലെ ഒഴിവ് ഒഴിച്ചിടുന്നു.

സ്ഥലം മാറ്റം /സ്ഥാനക്കയറ്റ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരെ അതാത് സ്ഥപന മേധാവികള് വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാരെ വിടുതൽ ചെയ്യതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. നിലവിൽ സേവനത്തിലുള്ള സ്ഥാപനത്തിൽ ഒരു വർഷ സേവന ദൈർഘ്യം ഇല്ലാത്ത അപേക്ഷ പ്രകാരം സ്ഥലം മാറ്റം അനുവദിച്ച ജീവനക്കാർക്ക് ജോയിനിംഗ് ടൈം /റ്റി.എ-യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്/-)

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

<u>സ്വീകർത്താവ്:</u>

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

<u>പകർപ്പ് :</u>

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും (ട്രെയിനിംഗ് ഡയറക്ടറേറ്റ് )/

എല്ലാ സ്ഥാപന മേധാവികൾക്കും /സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്